I ഇ.ബി. XIV - കേരള നിയമസഭ/II-12

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 20, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അറിയിപ്പ്**

സഭാ നടപടികൾ നീണ്ടുപോകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. ഇന്നലെ സഭാ നടപടികൾ നീണ്ടുപോയതിൽ ബഹുഭൂരിപക്ഷം സഭാംഗങ്ങളും ആംഗ്യഭാഷയിലും അല്ലാതെയും അസ്വസ്ഥതകൾ

പ്രകടിപ്പിക്കുകയുണ്ടായി. കക്ഷിനേതാക്കളുടെ യോഗത്തിൽ നിശ്ചയിച്ചതുപോലെ സമയനിഷ്ഠ പാലിക്കാൻ തുടക്കം മുതൽതന്നെ ശ്രദ്ധിച്ചാൽ കൃത്യസമയത്തിന് സഭ അവസാനിപ്പിക്കാൻ സാധിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ഇന്നലെ ടൂറിസം, സഹകരണം, കൃഷി തുടങ്ങിയ മൂന്ന് പ്രധാനപ്പെട്ട വിഷയങ്ങളുടെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയായിരുന്നു നടന്നത്. ഇതിനുതൊട്ടുമുമ്പുള്ള ദിവസം ശുദ്ധജലവിതരണം, ശുചീകരണം, ജലസേചനം എന്നീ വിഷയങ്ങളിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ കൃത്യസമയത്ത് സഭ അവസാനിപ്പിക്കാൻ സാധിച്ചു. ഇക്കാര്യങ്ങൾ ബി.എ.സി.യിൽക്കൂടി ചർച്ച ചെയ്യേണ്ടതാണ്. വിഷയങ്ങൾ അലോട്ട് ചെയ്യുമ്പോൾ പ്രത്യേക ശ്രദ്ധ കാണിച്ചാൽ ഇന്നലത്തേതുപോലുള്ള ഒരു സംഭവം ഉണ്ടാകില്ല എന്നാണ് എന്റെ ധാരണ.

മി. സ്പീക്കർ: ഇന്നലെ ബഹുമാന്യനായ വി. ഡി. സതീശനും ഈ വിഷയം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് പരിശോധിക്കാമെന്ന് പറയുകയും ചെയ്തിരുന്നു. മാത്രമല്ല, ഇന്നലെ സബ്മിഷനുകൾ അവസാനിച്ച് ധനകാര്യവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലേക്ക് കടന്നത് ഉച്ചയ്ക്കുശേഷം 12.55-നായിരുന്നു. സബ്മിഷനുകൾ

ശരാശരി ഒരുമിനിട്ടിൽ അവതരിപ്പിക്കാനും മറുപടി പറയാനുമാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ അടിയന്തരപ്രമേയവും അതിന്റെ അനുബന്ധനടപടികളും വളരെയധികം നീണ്ടുപോയ സാഹര്യമുണ്ടായി. എല്ലാവരുടെയും ശ്രദ്ധയിൽ അത് ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി ചെയർ ഓർമ്മപ്പെടുത്തുന്നു.

## II അടിയന്തരപ്രമേയം

പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : കസ്തൂരിരംഗൻ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട 3314 ചതുരശ്ര കിലോമീറ്റർ വരുന്ന പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി 2014 മാർച്ച് 10-ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിന് കടകവിരുദ്ധമായി സംസ്ഥാനത്തെ 123 വില്ലേജുകൾ പൂർണ്ണമായും ഇ.എസ്.എ. മേഖലയിൽ ഉൾപ്പെട്ടിരിക്കുകയാണെന്ന് കാണിച്ച് സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചതിനാൽ ബന്ധപ്പെട്ട മേഖലകളിൽ കർഷകർക്ക് ഉണ്ടായിട്ടുള്ള ഭയാശങ്കകൾമൂലം ഉളവായ ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## III ക്രമപ്രശ്നം

ശ്രദ്ധക്ഷണിക്കൽ വിഷയം അടിയന്തര പ്രമേയമായി അവതരിപ്പിക്കുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ശ്രദ്ധക്ഷണിക്കൽ ലിസ്റ്റ് ചെയ്ത സാഹചര്യത്തിൽ അതേ വിഷയം തന്നെ അടിയന്തര പ്രമേയമായി അവതരിപ്പിക്കുന്നത് ശരിയായ കീഴ്വഴക്കമല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ശ്രീ. എം. വിജയകുമാർ നിയമസഭാ സ്പീക്കർ ആയിരുന്ന സമയത്ത് ഇപ്രകാരം ചെയ്തിട്ടുണ്ട്. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തെ ഗവൺമെന്റ് എതിർക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. രാജു എബ്രഹാം അവതരിപ്പിക്കുന്ന ശ്രദ്ധക്ഷണിക്കൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നതു സംബന്ധിച്ചാണ്. അടിയന്തരപ്രമേയത്തിനാധാരമായ വിഷയം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ നിയമസാധുത കേരള ഹൈക്കോടതി

അംഗീകരിച്ചശേഷം സംസ്ഥാന ഗവൺമെന്റ് ചീഫ് സെക്രട്ടറിക്കുവേണ്ടി കൊടുത്ത അഫിഡവിറ്റിൽ വന്നിട്ടുള്ള വൈരുദ്ധ്യത്തെ സംബന്ധിച്ചുള്ളതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ചട്ടം 50 പ്രകാരം അടിയന്തരപ്രമേയത്തിന് അനുമതിതേടിക്കൊണ്ടുള്ള നോട്ടീസ് നൽകാൻ പ്രതിപക്ഷത്തിനുള്ള അവസരം അന്നേ ദിവസം രാവിലെ മാത്രമേ ലഭിക്കുകയുള്ളൂ. സുപ്രധാന വിഷയങ്ങളെ സംബന്ധിച്ച് ലിസ്റ്റ് ചെയ്യപ്പെട്ട വിഷയങ്ങൾ കാര്യപരിപാടിയിൽ വന്നിട്ടുണ്ടെങ്കിൽ പോലും ചട്ടം 50 പ്രകാരമുള്ള നോട്ടീസുണ്ടെങ്കിൽ ആയതിന് മുൻഗണന നൽകിയിട്ടുള്ള കീഴ്‌വഴക്കമാണ് സഭയിൽ ഉണ്ടായിട്ടുള്ളത്. ആയതിനാൽ ചട്ടം 50 പ്രകാരം ബഹു. അംഗങ്ങൾ നൽകിയ നോട്ടീസിന് പരിഗണന നൽകുന്നതിൽ അപാകതയുള്ളതായി ചെയർ കരുതുന്നില്ല. മാത്രവുമല്ല അടിയന്തര പ്രമേയത്തിലൂടെ ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന കാര്യം ശ്രദ്ധക്ഷണിക്കൽ വിഷയത്തിൽ നിന്നും വിഭിന്നമാണെന്ന കാര്യവും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കേന്ദ്ര ഗവൺമെന്റിന് മുമ്പാകെ 2012-ൽ സമർപ്പിക്കപ്പെട്ട കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ കേരളത്തിലെ 123 വില്ലേജുകൾ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ ആണെന്നാണ് പറഞ്ഞിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം

കേന്ദ്ര ഗവൺമെന്റ് ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ ചെയർമാനായ ഉമ്മൻ വി ഉമ്മൻ കൺവീനറായി നിയമിക്കപ്പെട്ട കമ്മിറ്റി തെളിവെടുപ്പ് നടത്തുകയും ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കൈവശഭൂമി ഒഴികെ ഹൈറേഞ്ച് മേഖലയിലുള്ള പ്രദേശങ്ങൾ മാത്രം ഇ.എസ്.എ. ആയാൽ മതിയെന്ന് നിർദ്ദേശിച്ചുകൊണ്ട് സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായി. ജനങ്ങൾക്കിടയിൽ ഉയർന്നുവന്ന ആശങ്കകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം നിയമസഭ ചർച്ച ചെയ്യുകയും ഏകകണ്ഠമായി പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തു. ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റും ചെന്നൈയിലെ നാഷണൽ ഗ്രീൻ ട്രൈബ്യൂണലും അന്തിമ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ ആശങ്കയുടെ ആവശ്യമില്ല. മുൻ ഗവൺമെന്റ് സ്വീകരിച്ച അതേ നയം തന്നെയാണ് ഈ വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: കേരളത്തിലെ 123 വില്ലേജുകളെ ഇ.എസ്.എ.-യിൽ ഉൾപ്പെടുത്തിയ വിഷയം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി 123 വില്ലേജുകളും സന്ദർശിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും റീസർവ്വേ

പൂർത്തീകരിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ അതിനുകൂടി സഹായകരമായ രീതിയിൽ താലൂക്ക് സർവ്വേയർമാരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. കേരള സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 2014 മാർച്ച് മാസം 3-ാം തീയതി ഒരു ഒഫീഷ്യൽ മെമ്മോറാണ്ടം പുറപ്പെടുവിച്ചിരുന്നു. സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിനെയും പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാൻമാരായ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിനെയും ആസ്പദമാക്കി കേരളം സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കൃഷിസ്ഥലങ്ങളെയും ജനവാസകേന്ദ്രങ്ങളെയും പൂർണ്ണമായി ഒഴിവാക്കി യു.പി.എ. സർക്കാരിന്റെ കാലത്ത് 2014 മാർച്ചിലും എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 സെപ്റ്റംബറിലും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കരട് നോട്ടിഫിക്കേഷനുകൾ ഇറക്കിയിട്ടുള്ളത്. ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെയും എം.പി.മാരുടെയും യോഗം വിളിച്ചുകൂട്ടി അതിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ നേരത്തെയുള്ള നോട്ടിഫിക്കേഷനിൽ ഒരു ഭേദഗതിയും കൂടാതെ കേരളത്തിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ പത്തനംതിട്ടയിൽ ഒരു ക്വാറി സ്ഥാപനവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കേരളത്തിനു മാത്രമായി 2014 മാർച്ച് 10-നും 2015

സെപ്തംബർ 4-നം പുറപ്പെടുവിച്ച കരട് നോട്ടിഫിക്കേഷനുകൾ അൺസസ്റ്റെയിനബിൾ ആണെന്ന് പറഞ്ഞിരിക്കുകയാണ്. കേരളത്തിനനുകൂലമായി ആവർത്തിച്ച് ഇറക്കിയ കരട് വിജ്ഞാപനങ്ങൾക്ക് കടകവിരുദ്ധമായാണ് ചീഫ് സെക്രട്ടറിക്കുവേണ്ടി സത്യവാങ്മൂലം സമർപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ അപ്പീലിലെ വാദഗതികൾ പിൻവലിച്ച് ഇതു സംബന്ധിച്ച നയം വ്യക്തമാക്കാൻ സർക്കാർ തയ്യാറാകണം. അതീവഗുരുതരമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ വിഷയം സംബന്ധിച്ച് നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിന് അനുസരിച്ചുള്ള നയം തന്നെയാണ് ഈ സർക്കാരും പിന്തുടരുന്നത്. യു.പി.എ. സർക്കാരിന്റെ കാലത്തുതന്നെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നതാണ് ഇപ്പോഴുള്ള പ്രശ്നങ്ങൾക്ക് കാരണം. ക്വാറി ഉടമയ്ക്ക് ക്വാറി നടത്തുന്നതിനുള്ള അനുമതി ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള കേസാണിത്. സ്റ്റേറ്റ് അസ്സസ്മെന്റ് അതോറിറ്റിയാണ് ഈ കേസിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുത്തിട്ടുള്ളത്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ 123 വില്ലേജുകൾ പരിസ്ഥിതിലോല (ഇ.എസ്.എ.) പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന കാര്യം സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ടിൽ സൂചിപ്പിക്കുക മാത്രമാണ്

ചെയ്തിട്ടുള്ളത്. അത് കർഷക താല്പര്യങ്ങൾക്കോ സർക്കാരിന്റെ നയങ്ങൾക്കോ വിരുദ്ധമല്ല. പത്തനംതിട്ട ചിറ്റാർ വില്ലേജിൽപ്പെട്ട സർവ്വേ നം 946/2-ൽ ക്വാറി തുടങ്ങുന്നതിന് സമർപ്പിച്ച അപേക്ഷ തടഞ്ഞുവച്ച തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ക്വാറി ആരംഭിക്കുന്നതിനുള്ള അനുമതി നൽകി എക്സ്പാർട്ടി ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ സ്റ്റേറ്റ് ലെവൽ ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റി അപ്പീൽ നൽകുകയാണുണ്ടായത്. സംസ്ഥാന സർക്കാർ ഈ കേസ്സിൽ ഇടപെട്ടിട്ടില്ല. ഗവൺമെന്റ് നയത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്നുമാത്രമല്ല ജനങ്ങളോടൊപ്പം നിൽക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്.

## IV ക്രമപ്രശ്നം

വസ്തുതാപരമായ പിശക്

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുകൂടിയാണ് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ അസ്സസ്മെന്റ് അതോറിറ്റി രേഖപ്പെടുത്തിയിരിക്കുന്നത്. അഫിഡവിറ്റില്ലാതെ കേസ് ഫയൽ ചെയ്യാൻ സാധിക്കില്ല എന്ന വസ്തുത നിലനിൽക്കുന്നതിനാൽ ഇക്കാര്യം പരിശോധിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 123

വില്ലേജുകളെ പരിസ്ഥിതി ലോലപ്രദേശമായി കേന്ദ്രഗവൺമെന്റ് വിജ്ഞാപനം ചെയ്തുവെങ്കിലും അന്തിമ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. പരിസ്ഥിതിലോല പ്രദേശമായി കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ച സ്ഥലത്ത് ക്വാറി തുടങ്ങുന്നതിന് സ്വകാര്യ വ്യക്തി സമർപ്പിച്ച അപേക്ഷ സ്റ്റേറ്റ് ലെവൽ ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റി നിരസിച്ചതിനെതിരെ അപേക്ഷകൻ ഹൈക്കോടതിയിൽ ഹർജി നൽകുകയും സിംഗിൾ ബഞ്ച് ഹർജിക്കാരന് അനുകൂല വിധി പുറപ്പെടുവിക്കുകയും ചെയ്തു. കേന്ദ്രനോട്ടിഫിക്കേഷൻ പ്രകാരം പ്രസ്തുത പ്രദേശം പരിസ്ഥിതിലോല പ്രദേശമാണെന്ന് വ്യക്തമാക്കി സ്റ്റേറ്റ് ലെവൽ ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ക്വാറി തുടങ്ങുന്നതിന് അനുവാദം നൽകിയ ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തു. പരിസ്ഥിതിലോല പ്രദേശത്ത് ക്വാറി നടത്തുന്നതിനനുകൂലമായ വിധിക്കെതിരായാണ് സർക്കാർ ഹൈക്കോടതിയിൽ അഫിഡവിറ്റ് സമർപ്പിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ സംസ്ഥാനത്ത് നടപ്പാക്കുമെന്ന് പ്രസ്തുത അഫിഡവിറ്റിൽ പറഞ്ഞിട്ടില്ല. 30-01-2014-ലെ പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ നിന്ന് ഗവൺമെന്റ് വ്യതിചലിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് കർഷകർ ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 30-01-2014-ൽ സഭ പാസ്സാക്കിയ പ്രമേയത്തിന്റെ അന്തസ്സത്തയിൽ ഉറച്ചുനിന്നുകൊണ്ടുള്ള നിലപാട് സ്വീകരിക്കുമെന്ന അഭിപ്രായത്തെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഗവൺമെന്റ് ഈ വിഷയത്തിൽ ശക്തമായി ഇടപെട്ടതിനെത്തുടർന്നാണ് കേന്ദ്ര ഗവൺമെന്റ് ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ ഇറക്കിയത്. പ്രഖ്യാപിത നിലപാടിൽ നിന്നും വ്യത്യസ്തമായിട്ടുള്ള അഫിഡവിറ്റ് ഫൈനൽ നോട്ടിഫിക്കേഷനെയും ഗ്രീൻ ട്രൈബ്യൂണലിലെ കേസിനെയും പ്രതികൂലമായി സ്വാധീനിക്കാൻ സാധ്യതയുള്ളതിനാൽ അത് പിൻവലിച്ച് കർഷകരെ ബാധിക്കാത്ത തരത്തിലുള്ള അഫിഡവിറ്റ് സമർപ്പിക്കേണ്ടതാണ്. പരിസ്ഥിതിലോല പ്രദേശമായി നോട്ടിഫൈ ചെയ്ത പഞ്ചായത്തുകളിലെ കർഷകർ ഇതുമൂലം വളരെയധികം ആശങ്കയിലാണ്. മലയോര കർഷകരുടെ ഭാവി തുലാസിലാകുന്ന നടപടി സ്വീകരിക്കാൻ പാടില്ല.

## V ശ്രദ്ധക്ഷണിക്കൽ

### (1) പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം: കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളിൽ വീണ്ടും തെളിവെടുപ്പ് നടത്തുമെന്നും ഗാഡ്ഗിൽ റിപ്പോർട്ട് വീണ്ടും പരിഗണിക്കാൻ

സാധ്യതയുണ്ടെന്നും കേന്ദ്ര ഗവൺമെന്റ് അഭിപ്രായപ്പെട്ടിരിക്കുകയാണ്. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കിയാൽ കേരളത്തിന്റെ പകുതിയോളം പ്രദേശങ്ങൾ പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഉൾപ്പെടും. നിലവിൽ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനിൽപ്പെട്ട വില്ലേജുകളിലെ പട്ടയഭൂമിയിൽ നിന്നുപോലും മരംമുറിക്കാൻ സാധിക്കുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് വീണ്ടും തെളിവെടുപ്പ് നടത്തുന്ന അവസരത്തിൽ വനപ്രദേശങ്ങൾക്ക് പുറത്തുള്ള ജനവാസ കേന്ദ്രങ്ങളെ ഇ.എസ്.എ.യുടെ പരിധിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടണം. പരിസ്ഥിതിലോല പ്രദേശമായി വിജ്ഞാപനം ചെയ്യാനുദ്ദേശിക്കുന്ന പട്ടികയിൽ വനപ്രദേശങ്ങളെ മാത്രം ഉൾപ്പെടുത്തുന്നതിനും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലും കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിലുമുള്ള ജനവിരുദ്ധ നിർദ്ദേശങ്ങൾ അംഗീകരിക്കാനാകില്ലെന്ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി കേന്ദ്രത്തിന് സമർപ്പിച്ച പ്രമേയത്തോട്ട് ഈ സർക്കാരും യോജിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ 123 വില്ലേജുകളിലെ പരിസ്ഥിതിലോലപ്രദേശമായി കണക്കാക്കിയിരുന്ന 13108 ചതുരശ്ര

കിലോമീറ്ററിനെ 9993.7 ചതുരശ്ര കിലോമീറ്ററായി കുറയ്ക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം 10-3-2014-ന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിലൂടെ അംഗീകരിക്കുകയുണ്ടായി. തുടർന്ന് 123 വില്ലേജുകളുടെ അതിർത്തി നിർണ്ണയിച്ച് നൽകണമെന്ന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ആവശ്യപ്രകാരം നിയോഗിച്ച പഞ്ചായത്തുതല സമിതി 119 വില്ലേജുകളിലായി 9839.314 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശമായി നിജപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും 4.9.2015-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതിയ കരട് വിജ്ഞാപനത്തിലും കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിസ്തൃതി 9993.7 ചതുരശ്ര കിലോമീറ്ററാണെന്നാണ് പറഞ്ഞിട്ടുള്ളത്. പരിസ്ഥിതിലോല പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളവയിൽ ജനവാസകേന്ദ്രങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം കേന്ദ്രഗവൺമെന്റിനെ ധരിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങളായി സംരക്ഷിക്കേണ്ടവയെ സംരക്ഷിച്ചുകൊണ്ടും ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ടുമുള്ള ഒരു നിയമമാണ് ഉണ്ടാകേണ്ടതെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഭരണ-പ്രതിപക്ഷഭേദമെന്യേ കൂട്ടായ സഹകരണത്തോടുകൂടി കേന്ദ്രസർക്കാരിൽ ഇതിനായി സമ്മർദ്ദം ചെലുത്താവുന്നതാണ്.

### (2) <u>റേഷൻ വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച്</u>

ശ്രീ. അനൂപ് ജേക്കബ്: റേഷൻകടകളിലൂടെ ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും വിഹിതം വെട്ടിച്ചുരുക്കിയതുമൂലം റേഷൻ ഉപഭോക്താക്കളും മത്സ്യമേഖലയും കടുത്ത പ്രതിസന്ധിയിലായിരിക്കുകയാണ്. മുൻ സർക്കാർ നടപ്പാക്കാനുദ്ദേശിച്ച ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് മുൻകയ്യെടുക്കണം. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനമുള്ള സംസ്ഥാനമാണെന്നുള്ള വിവരം കേന്ദ്രത്തെ അറിയിച്ചുകൊണ്ട് കേന്ദ്രം വെട്ടിക്കുറച്ച റേഷൻ വിഹിതം നേടിയെടുക്കാനും മിനിമം സപ്പോർട്ട് പ്രൈസ് (എം. എസ് പി.)-ലൂടെ അരി വാങ്ങി സബ്സിഡി നിരക്കിൽ കാർഡുടമകൾക്ക് വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം. മുൻസർക്കാർ ബി.പി.എൽ. വിഭാഗക്കാർക്കായി ആവിഷ്കരിച്ച സൗജന്യപദ്ധതി തുടരുന്നതിനും കേന്ദ്രം വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം നേടിയെടുക്കുന്നതിനും ചില്ലറ വ്യാപാരരംഗത്ത് മണ്ണെണ്ണയ്ക്ക് വരുത്തിയ വില വർദ്ധനവ് പിൻവലിക്കുന്നതിനും മത്സ്യമേഖലയ്ക്കും നോൺ പി.ഡി.എസ്. മണ്ണെണ്ണ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : 2013-ലെ ഭക്ഷ്യ ഭദ്രതാ നിയമം കേരളത്തിൽ നടപ്പാക്കാത്തതിനാൽ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന അധിക വിഹിതം

നൽകേണ്ടതില്ലെന്നും എ.പി.എൽ. വിഭാഗത്തിന് അനുവദിക്കുന്ന അരിക്കും ഗോതമ്പിനും 2016 നവംബർ മുതൽ അധിക റേറ്റ് ഈടാക്കണമെന്നുമുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുക, ഓൺലൈൻ അലോട്ട്മെന്റ് നൽകുക, സംസ്ഥാന ജില്ലാ പരാതി പരിഹാര ഓഫീസർമാരെ നിയമിക്കുക, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടത്തുക തുടങ്ങിയ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടിയിരുന്നു. മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള സംസ്ഥാനതല റാങ്കിംഗ് നടത്തി പ്രാഥമിക പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ മുൻഗണന/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ചശേഷം റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണ്. ഭക്ഷ്യ ഭദ്രതാ നിയമം നിഷ്കർഷിക്കുന്നപ്രകാരം റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി എഫ്.സി.ഐ.-യിൽനിന്നും റേഷൻ സാധനങ്ങൾ എടുത്ത് എ.ആർ.ഡി. വഴി കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന നടപടി സ്വീകരിക്കുകയും സംസ്ഥാന ഭക്ഷ്യ കമ്മീഷനെയും ജില്ലാ പരാതി പരിഹാര ഓഫീസർമാരെയും നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിന്

ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം കേരളത്തിന് അർഹതപ്പെട്ട ധാന്യവിഹിതം നേടിയെടുക്കാനുള്ള പരിശ്രമവും നടത്തുന്നുണ്ട്. മത്സ്യബന്ധന മേഖലയ്ക്ക് പി.ഡി.എസ്. മണ്ണെണ്ണ വിതരണം ചെയ്യുന്ന വിഷയം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മത്സ്യബന്ധന വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭ്യമായ അളവിൽ മണ്ണെണ്ണ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയയ്ക്കുന്നതാണ്.

## VI സബ്മിഷൻ

(1) ഐ.ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഐ.ടി. കമ്പനികളുടെ കടുത്ത ചൂഷണത്തിന് വിധേയരാകുന്ന സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് ഗവൺമെന്റ് ഇടപെട്ട് പരിഹാരമുണ്ടാക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികളിലെ സേവന-വേതന വ്യവസ്ഥകൾ അതാത് കമ്പനികളുടെ പോളിസി അനുസരിച്ചാണ് നടപ്പിലാക്കുന്നത്. 16.04.2002-ലെ സർക്കാർ ഉത്തരവുപ്രകാരം ഐ.ടി.

മേഖലയിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത നിയമത്തിലെ ചില വകുപ്പുകളെ നിബന്ധനകളോടെ ഒഴിവാക്കിയതനുസരിച്ച് ഐ.ടി. സ്ഥാപനങ്ങളിലെ ജോലി സമയം ഷിഫ്റ്റ് സമ്പ്രദായത്തിലും ഫ്ളെക്സി ടൈം വ്യവസ്ഥയിലും പ്രവർത്തിക്കുന്നതിന് അനുമതിയുണ്ട്. സാങ്കേതിക വിദ്യയുടെ വികാസത്തിന്റെ ഭാഗമായി രൂപപ്പെടുന്ന പുതിയ തൊഴിൽ മേഖലയെന്നത് കണക്കിലെടുത്തുകൊണ്ടുള്ള തൊഴിൽ നിയമങ്ങൾ രൂപപ്പെടുത്തേണ്ടത് ഈ മേഖലയുടെ വികാസത്തിന് അനിവാര്യമാണ്. ഏത് സമയത്തും പിരിച്ചുവിടൽ ഭീഷണി നേരിടുന്ന ജീവനക്കാർക്ക് എട്ട് മണിക്കൂർ ജോലി, അവധിദിന ഒഴിവ്, ലീവ് ഓവർടൈം, ജോലികൾക്ക് പ്രത്യേക അലവൻസ്, സ്ത്രീ ജീവനക്കാർക്ക് പ്രസവാവധി എന്നിവ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയുടെ മേൽനോട്ടത്തിൽ ഐ.എൽ.ഒ. പോലുള്ള സംഘടനകളുടെ സഹായത്തോടെ ലോകമെങ്ങും അംഗീകാരം നേടാൻ കഴിയുന്ന തൊഴിൽ നിയമങ്ങൾ രൂപപ്പെടുത്തിയാൽ മാത്രമേ ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് ഈ രംഗത്തെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടുന്നതാണ്. ഐ.ടി. പാർക്കുകളും കമ്പനികളും തമ്മിലുള്ള കരാർ ഉടമ്പടികളിൽ നിയമാനുസൃത നിയന്ത്രണങ്ങൾ, സേവന-വേതന

വ്യവസ്ഥകൾ എന്നിവ കമ്പനികൾ പാലിക്കണമെന്ന് കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്.

(2) വിജിലൻസ് ഡയറക്ടർ സ്ഥാനം ഒഴിയുന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്ന് തന്നെ മാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. ജേക്കബ് തോമസ് നൽകിയ കത്ത് മന്ത്രിസഭയോ മുഖ്യമന്ത്രിയോ പരിഗണിക്കുന്നതിനുമുമ്പ് സി.പി.ഐ.(എം)-ന്റെ അവൈലബിൾ സെക്രട്ടേറിയറ്റ് യോഗം ചേർന്ന് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സി.പി.ഐ(എം)-ന്റെ സെക്രട്ടേറിയറ്റ് യോഗം ചേർന്ന് ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ഉചിതമല്ല. പത്രവാർത്ത അടിസ്ഥാനരഹിതമാണ്. ഭരണരംഗത്ത് തീരുമാനമെടുക്കുന്നത് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരാണ്. വിജിലൻസ് ഡയറക്ടറെ മാറ്റുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയെടുക്കുന്ന തീരുമാനം നടപ്പിലാക്കും.

(3) ഗ്രാമീണ ന്യായാലയം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. ജെയിംസ് മാത്യൂവും നോട്ടീസ്

നൽകിയിട്ടുണ്ട്)

ശ്രീ. കെ. സി. ജോസഫ്: ഇരിക്കൂർ വികസന ബ്ലോക്കിൽ ശ്രീകണ്ഠാപുരം ആസ്ഥാനമാക്കി ആരംഭിക്കാൻ തീരുമാനിച്ചിരുന്ന ഗ്രാമീണ ന്യായാലയം ഉടൻ ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ജെയിംസ് മാത്യു: ഇരിക്കൂറിലെ ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റിയാക്കിയതിനാൽ ഗ്രാമീണ ന്യായാലയം, മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 01-03-2011-ലെ സർക്കാർ ഉത്തരവുപ്രകാരം 30 ഗ്രാമ ന്യായാലയങ്ങൾ അനുവദിച്ചപ്പോൾ ഇരിക്കൂറിലെ ശ്രീകണ്ഠാപുരത്തും ഗ്രാമ ന്യായാലയം അനുവദിച്ചു. എന്നാൽ ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റിയായി മാറിയതിനാൽ ഗ്രാമ ന്യായാലയം ഇരിക്കൂറിലേയ്ക്ക് മാറ്റണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരവെ പ്രസ്തുത ന്യായാലയം മലപ്പട്ടത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ

വിഷയത്തെ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാമ ന്യായാലയം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സംസ്ഥാന വ്യാപകമായി ഒഴിവ് നിലനിൽക്കുന്ന തസ്തികകൾക്കുപുറമെ 2017-ലെ പ്രതീക്ഷിത ഒഴിവുകളും നിർബന്ധമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ 25-05-2016-മുതൽ 30-09-2016-വരെയുള്ള കാലയളവിൽ കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലായി റിപ്പോർട്ട് ചെയ്തതിനേക്കാൾ കൂടുതൽ ഒഴിവുകൾ നികത്തുന്നതിനായി ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. എവിടെയെങ്കിലും ഒഴിവ് നിലനിൽക്കുന്നുണ്ടെങ്കിൽ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതാണ്.

(5) മുഹമ്മദ് അസ്‌ലം വധക്കേസ്

ശ്രീ. പാറക്കൽ അബ്ദുല്ല: മുഹമ്മദ് അസ്‌ലം വധക്കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനും നാദാപുരത്തെ ക്രമസമാധാനനില പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മുഹമ്മദ് അസ്‌ലം കൊല്ലപ്പെട്ട സംഭവത്തെത്തുടർന്ന് നാദാപുരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും പ്രതികളായി റിപ്പോർട്ട് ചെയ്ത 14 പേരിൽ പത്ത് പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രതികളെ സൈബർ സെല്ലിന്റെ സഹായത്തോടെ പിടികൂടി നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(6) പെൺകുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മാണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പെൺകുട്ടികൾക്കായുള്ള പുതിയ ഹോസ്റ്റൽ നിർമ്മാണം സമയബന്ധിതമായി

പൂർത്തീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഏറ്റുമാനൂരിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം സമയപരിധി ദീർഘിപ്പിച്ചുനൽകിയാണ് ബന്ധപ്പെട്ട ഏജൻസി പണി പൂർത്തിയാക്കിയത്. അവിടത്തെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യപ്രകാരം കുഴൽ കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽനിന്ന് ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമാക്കുകയും കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും നിർമ്മാണ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു. ആയതിനാലാണ് കുട്ടികളെ ഹോസ്റ്റലിലേയ്ക്ക് മാറ്റിപ്പാർപ്പിക്കാൻ സാധിക്കാത്തത്. താൽക്കാലികമായി ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഉടൻതന്നെ ഹോസ്റ്റൽ കുട്ടികൾക്കായി തുറന്നുകൊടുക്കുന്നതാണ്.

## (7) ദളിത് ക്രൈസ്തവരുടെ ആനുകൂല്യങ്ങൾ

ശ്രീ. സി. കെ. ഹരീന്ദ്രൻ: ദളിത് ക്രൈസ്തവർക്ക് സംവരണം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിലുള്ള

നിയമതടസ്സം ഒഴിവാക്കുന്നതിനും നാടാർ സമുദായത്തിന്റെ സംവരണം സംബന്ധിച്ച ആക്ഷേപം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിയിൽപ്പെട്ടവരെ സംസ്ഥാനത്തെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ **47-ാമതായും മറ്റ് അർഹസമുദായങ്ങളുടെ ലിസ്റ്റിൽ 10-ാമതായും എസ്.ഇ.ബി.സി. ലിസ്റ്റിൽ 4-ാമതാ**യും അദർ ബാക്ക്വേർഡ് ക്രിസ്ത്യൻ എന്ന വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയുടെ 16(4) വ്യവസ്ഥ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തൊഴിൽ സംവരണത്തിന് ഈ വിഭാഗം അർഹരാണ്. ഒ.ഇ.സി. എന്ന നിലയിൽ പട്ടികജാതി വിഭാഗത്തിന് സാധാരണഗതിയിൽ നൽകുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇവർക്ക് നൽകുകയും ഉദ്യോഗത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 2 ശതമാനവും ലാസ്റ്റ് ഗ്രേഡിതര തസ്തികയിൽ ഒരു ശതമാനവും സംവരണം അനുവദിക്കുകയും ചെയ്യുന്നുണ്ട്. എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് വിവിധ കാറ്റഗറിയിൽ 30 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. ഇതിൽ എസ്.ഐ.യു.സി. നാടാർ വിഭാഗത്തോടൊപ്പമാണ് ഒരു ശതമാനം സംവരണം നിലവിൽ പരിവർത്തിത ക്രൈസ്തവർക്ക് അനുവദിച്ചിട്ടുള്ളത്.

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി, ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി, കരിയർ ഇൻ ഓട്ടോമൊബൈൽ പദ്ധതി, അഡ്വക്കേറ്റ് ഗ്രാന്റ് തുടങ്ങിയ സ്കീമുകളിലും വാർഷിക വരുമാന പരിധിക്ക് വിധേയമായ ആനുകൂല്യങ്ങൾ പരിവർത്തിത ക്രൈസ്തവർക്ക് അനുവദിക്കുന്നുണ്ട്. പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന കോർപ്പറേഷൻ വഴി ഈ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികൾ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (8) പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി

ശ്രീ. എസ്. ശർമ്മ: പെരിയാർ നദി സംരക്ഷണത്തിനായി സർക്കാർ തലത്തിൽ നടത്തിവരുന്ന നടപടിക്രമങ്ങൾ ശക്തിപ്പെടുത്താൻ നിയമപരമായ അധികാരാവകാശങ്ങളോടുകൂടിയ പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സംസ്ഥാനത്തെ നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണം ലക്ഷ്യമിട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സഭയിൽ അവതരിപ്പിച്ച ബിൽ പാസ്സാക്കാൻ സാധിച്ചില്ല. കേരളത്തിലെ ജലവിഭവ മേഖലയുടെ സംരക്ഷണവും വികസനവും ലക്ഷ്യമിട്ട് നിയന്ത്രണ അധികാരങ്ങളോടുകൂടിയ ഒരു അതോറിറ്റി രൂപീകരിക്കണമെന്നത് നയപരമായ കാര്യമാണ്. നദികളുടെ സമഗ്ര സംരക്ഷണം കൂടുതൽ ശക്തമാക്കുകയും

അതോറിറ്റി രൂപീകരണത്തിനാവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(9) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പ്രാദേശിക സർവ്വീസുകൾ നിർത്തലാക്കുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പുതിയ ബസ്സുകൾ അനുവദിക്കുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ചാത്തന്നൂർ ഡിപ്പോയിലെ 14 ബസ്സുകൾ റിപ്പയർ ചെയ്ത് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്നതാണ്.

(10) കായംകുളം താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീമതി യു. പ്രതിഭ ഹരി: കായംകുളം താലൂക്കാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിയന്തരമായി ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനും

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും സർജനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2011-ൽ 10 ലക്ഷം രൂപയുടെ ഉപകരണങ്ങൾ പ്ലാൻ ഫണ്ടിൽനിന്നും ലഭ്യമാക്കിയിരുന്നു. പുതിയ തസ്തിക സൃഷ്ടിച്ച് മാത്രമേ അവിടെ സർജനെ നിയമിക്കാൻ കഴിയുകയുള്ളൂ. താലൂക്കാശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ കായംകുളം ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഹൈവേയിലെ പ്രധാനപ്പെട്ട ആശുപത്രികളെ ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ട്രോമാ കെയർ പദ്ധതി തയ്യാറാക്കണമെന്ന ഗവൺമെന്റ് പ്രഖ്യാപനം യാഥാർത്ഥ്യമാകുമ്പോൾ കായംകുളം ആശുപത്രിയെയും പരിഗണിക്കാൻ സാധിക്കും. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ 76 ലക്ഷം രൂപ അനുവദിക്കുകയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. എച്ച്.എം.സി.യുടെയും പി.ഐ.സി.യുടെയും തീരുമാനപ്രകാരം എസ്.റ്റി.പി.യുടെ നിർമ്മാണച്ചുമതല ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി. 2016 ജൂലൈയിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന്

പ്രസ്തുത കമ്പനി അറിയിച്ചിട്ടുണ്ട്. എല്ലാ നടപടിക്രമങ്ങളും ത്വരിതപ്പെടുത്തുന്നതാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തിപ്പിക്കുന്നതാണ്.

(11) സാങ്കേതിക സർവ്വകലാശാല

ശ്രീ. കെ. മുരളീധരൻ: മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിലുള്ള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല തിരുവനന്തപുരം ജില്ലയിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കേരളത്തിൽ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമായി ആരംഭിച്ച സാങ്കേതിക ശാസ്ത്ര സർവ്വകലാശാല തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിലാണ് പ്രവർത്തിച്ചുവരുന്നത്. സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്ക് ഒരു ക്യാമ്പസ് അത്യന്താപേക്ഷിതമാണ്. സർവ്വകലാശാലയ്ക്കും അതിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്കും യു.ജി.സി. ഫണ്ട് ലഭിക്കണമെങ്കിൽ സർവ്വകലാശാലയ്ക്ക് 12(ബി) പദവി ലഭിച്ചിരിക്കണം. ഗവേഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ലോകോത്തര നിലവാരത്തിലുള്ള റസിഡൻഷ്യൽ ക്യാമ്പസ് സ്ഥാപിക്കാനാണ് സർവ്വകലാശാല ഉദ്ദേശിക്കുന്നത്. സർവ്വകലാശാലയ്ക്ക് ക്യാമ്പസ്

സ്ഥാപിക്കുന്നതിനായി സർക്കാർവക ഭൂമി കണ്ടെത്താൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ 3 (1), (2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ നാലുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VIII ധനകാര്യം

### 2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ

- (50,03,92,000/- രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

- (200,04,14,000/- രൂപ)

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം

- (554,00,21,000/- രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

- (444,31,69,000/- രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

- (1263,61,00,000/- രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീമതി പി. അയിഷാ പോറ്റി: ജനപങ്കാളിത്തത്തോടെയുള്ള വികസനപ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ ഒന്നൊന്നായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ എല്ലാവർക്കും വീട് നൽകാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വികസനപ്രവർത്തനങ്ങളിൽ കുടുംബശ്രീ യൂണിറ്റുകളെ പങ്കാളികളാക്കാനും ക്ഷേമപെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാനും തീരുമാനിച്ചിട്ടുണ്ട്. രാജ്യത്തെ ആദ്യത്തെ പൂർണ്ണ വെളിയിടവിസർജ്ജന വിമുക്ത സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെടാൻ

പോകുകയാണ്. തൊഴിലുറപ്പ് പദ്ധതി കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികൾ കാര്യക്ഷമവും ജനകീയവുമാക്കുന്നതിന് സഹായകമായ ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. റോഡുകളെ മാലിന്യമുക്തവും ഭംഗിയുള്ളതുമാക്കുന്നതിനനുയോജ്യമായ പദ്ധതികൾ നടപ്പാക്കണം. ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഗൈഡൻസ് എല്ലാ ത്രിതല പഞ്ചായത്തുകൾക്കും നൽകണം. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളും തോടുകളും ആറുകളും കയ്യേറുന്നത് തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കണം. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അടിയന്തരമായി നടപ്പാക്കുകയും വേണം. കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. കോംപ്ലക്സിനോടനുബന്ധിച്ചുള്ള ചതുപ്പുനിലം അക്വയർ ചെയ്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കണം. കെ.എസ്.ആർ.ടി.സി.ക്ക് 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. മോട്ടോർ വാഹന വകുപ്പ് അഴിമതി വിമുക്തമാക്കുന്നതിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനം

ഊർജ്ജിതമാക്കണം.

<u>ശ്രീ. ഹൈബി ഈഡൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട് ഒരു ഇന്റഗ്രേറ്റഡ് അപ്രോച്ച് സ്വീകരിക്കണം. പരമ്പരാഗത ശൈലികൾ ഉൾക്കൊണ്ടുകൊണ്ട് നഗരാസൂത്രണം നടത്താൻ സാധിക്കണം. കൊച്ചി മെട്രോ റെയിലിലൂടെ ആദ്യത്തെ മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷൻ സിസ്റ്റം യാഥാർത്ഥ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. റോഡുകൾ കുഴിക്കുന്നത് അവസാനിപ്പിക്കുന്നതിനായി കേബിൾ ഡക്റ്റുകൾ ഉപയോഗപ്പെടുത്തണം. എല്ലാ നഗരസഭകളിലും ഓരോ ഡോക്ടറെയും മെക്കാനിക്കൽ എഞ്ചിനീയറെയും ഇലക്ട്രിക്കൽ എഞ്ചിനീയറെയും സോഷ്യൽ വെൽഫയർ ഓഫീസറെയും നിയമിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ സ്കീമുകൾ നടപ്പാക്കുന്നതിന് ആധുനിക രീതികൾ ഉപയോഗപ്പെടുത്തണം. രണ്ട് കോടി രൂപയുടെ എം.എൽ.എ. അസറ്റ് ഫണ്ട് ഉപയോഗിച്ച് എറണാകുളം മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.ക്കായി നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച് അന്വേഷണം നടത്തണം. എറണാകുളത്തെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണം.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം, കൃഷി തുടങ്ങിയ മേഖലകളിൽ

ചുരുങ്ങിയ നാളുകൾക്കുള്ളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സർവ്വീസുകളിലൂടെ ലഭിക്കുന്ന വരുമാനം കൊണ്ടുമാത്രം നഷ്ടത്തിൽ നിന്ന് കരകയറാൻ സാധിക്കാത്ത സാഹചര്യത്തിൽ മറ്റു മാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. തയ്യാറാകണം. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി പ്രവർത്തിപ്പിക്കണമെന്ന കാഴ്ചപ്പാട് തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥർക്കുണ്ടോ എന്ന കാര്യം പരിശോധിക്കണം. തുടർച്ചയായി സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്ന നടപടി ഒഴിവാക്കുന്നതിനും ബസ്സുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കി സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിക്കണം. മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കാനുള്ള ശ്രമം അഭിനന്ദനാർഹമാണ്. അശ്രദ്ധമായി ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നത് നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇൻഡ്യയിലെ ആദ്യത്തെ ഒ.ഡി.എഫ്. (ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ) സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ പ്രശംസനീയമാണ്. ജനക്ഷേമകരമായ പദ്ധതികൾ ജനകീയാസൂത്രണം മുഖേന നടപ്പിലാക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക-ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ വമ്പിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിന്

അടിയന്തര നടപടി സ്വീകരിക്കണം. പദ്ധതിപ്രവർത്തനങ്ങൾ നടപ്പാക്കാൻ വൈകിയ സാഹചര്യത്തിൽ ജാഗ്രതയോടെ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. പുതിയ ഭവന നിർമ്മാണ പദ്ധതികൾ പ്രഖ്യാപിക്കുന്നതിനും ഭവന നിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ പദ്ധതി പുനരാരംഭിക്കാനും തയ്യാറാകണം. പുതിയ മുനിസിപ്പാലിറ്റികളുടെ വികസനപ്രവർത്തനങ്ങൾക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും പട്ടികജാതി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനം മുനിസിപ്പാലിറ്റികളിൽ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. 'ഹാഡ' പദ്ധതി സജീവമാക്കുന്നതിനും അഹാഡ്സിന്റെ സേവനം വേണ്ട രീതിയിൽ വിനിയോഗിക്കുന്നതിനും മുൻ പഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. അട്ടപ്പാടിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കുന്നതിനും അട്ടപ്പാടി ആദിവാസി മേഖലയിൽ സർവ്വീസ് നടത്തുന്നതിനായി മൂന്ന് ചെറിയ ബസ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ബാബു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കുന്ന നടപടികളാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നത്. അഞ്ചുവർഷംകൊണ്ട് പാർപ്പിടപ്രശ്നം പരിഹരിക്കുമെന്ന പ്രഖ്യാപനവും അഴിമതിരഹിത പഞ്ചായത്ത് എന്ന സ്വപ്നവും യാഥാർത്ഥ്യമാക്കാനുള്ള

നടപടികളാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മുൻപഞ്ചായത്ത് പ്രസിഡന്റുമാരുടെയും മെമ്പർമാരുടെയും ഓണറേറിയം മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചതും അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയതും ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് പഞ്ചായത്ത് പദ്ധതി വിഹിതം വകയിരുത്തണമെന്ന നിർദ്ദേശം പുനഃപരിശോധിക്കണം. പി.എം.എ.വൈ. പദ്ധതി പട്ടികജാതിക്കാർക്കും മതന്യൂനപക്ഷങ്ങൾക്കും മാത്രമായി നിജപ്പെടുത്തിയ നടപടി തിരുത്താനുള്ള ശ്രമങ്ങൾ നടത്തണം. റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ കൊണ്ടുവന്ന് കേരളത്തിന്റെ അധികാരം കവർന്നെടുക്കാനുള്ള കേന്ദ്ര നീക്കത്തെ ചെറുക്കണം. മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. എഫ്. തോമസ്</u>: കേരളം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനോ വരും വർഷത്തേയ്ക്കാവശ്യമായ പദ്ധതികൾക്ക് തുടക്കം കുറിക്കാനോ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനായി ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. അധികാര വികേന്ദ്രീകരണത്തിലൂടെ പഞ്ചായത്തുകളുടേയും

നഗരസഭകളുടേയും തനത് ഫണ്ടിൽ വന്നിട്ടുള്ള കുറവ് നികത്തി സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തിന് യഥാവിധി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. സമ്പൂർണ്ണ ശുചിത്വം, മാലിന്യ സംസ്കരണം, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി സമഗ്രമായ കർമ്മ പദ്ധതി ആവിഷ്കരിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പഞ്ചായത്ത് കമ്മിറ്റിയെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിനായി പഞ്ചായത്തുകളുടെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കുടുംബശ്രീ യൂണിറ്റുകളുടെ കീഴിൽ സ്ത്രീകൾക്കുവേണ്ടി ആരംഭിച്ച മീഡിയാ പരിശീലന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കണം. തെക്കൻ ജില്ലകളിലെ നാഷണലൈസ്ഡ് റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് കുറയ്ക്കുന്ന നടപടി പരിശോധിക്കണം. റൂട്ടുകൾ റീ-ഷെഡ്യൂൾ ചെയ്യുന്നതുൾപ്പെടെയുള്ള പരിഷ്കാരങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉണ്ണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാര

വികേന്ദ്രീകരണത്തിന്റെ അന്തസ്സത്ത ഇല്ലാതാക്കുന്ന തീരുമാനങ്ങളൊന്നുമുണ്ടാകില്ലെന്ന പ്രഖ്യാപനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം 12 ഗഡുക്കളാക്കി യഥാസമയം നൽകാനെടുത്ത തീരുമാനവും അഭിനന്ദനാർഹമാണ്. ജില്ലാ ഭരണകൂടങ്ങളുടെ അധികാരം മുഴുവനും കവർന്നെടുക്കുന്ന നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവന്നിരുന്നത്. എല്ലാ ഭവനങ്ങൾക്കും ശൗചാലയങ്ങൾ നിർമ്മിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. കുടുംബശ്രീ പദ്ധതി അട്ടിമറിക്കുന്ന നിലപാടാണ് മുൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളെക്കുറിച്ച് അറിയുന്നതിനും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും പരാതികൾ രേഖപ്പെടുത്തുന്നതിനുമായി ഒരു വെബ്സൈറ്റ് ആരംഭിക്കുന്നതിനുള്ള തീരുമാനം അഭിനന്ദനീയമാണ്. വിപുലമായ അധികാരങ്ങളും ഉദ്യോഗസ്ഥ സംവിധാനങ്ങളും പ്രാദേശിക സർക്കാരുകൾക്കു നൽകിയ സംസ്ഥാനത്തിന്റെ അധികാര വികേന്ദ്രീകരണം ഇന്ത്യക്കുമാത്രമല്ല ലോകത്തിലെ മറ്റ് രാജ്യങ്ങൾക്കുതന്നെ മാതൃകയാണ്. ജനപങ്കാളിത്തവും സുതാര്യതയും കാര്യക്ഷമതയുമുള്ള അധികാര വികേന്ദ്രീകരണവും കേരളത്തിന്റെ സവിശേഷതയാണ്. ജനകീയാസൂത്രണംവഴി അധികാരവും സമ്പത്തും

വികേന്ദ്രീകരിച്ച് പ്രാദേശിക സർക്കാരുകളെ ഏൽപ്പിച്ചാൽ അത് പാഴായിപ്പോകില്ലെന്ന് ഉറപ്പുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കാർഷികരംഗത്ത് മതിയായ സഹായം അനുവദിക്കുന്നതിനും ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനും അദ്ധ്യയനം ആരംഭിക്കുന്നതിനുമുമ്പുതന്നെ സ്കൂളുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടാകുന്ന കാലതാമസവും പോരായ്മകളും പരിഹരിക്കണം. പാലക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ് നവീകരിക്കുന്നതിനും ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ നഗരവികസനത്തിനും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അധികാരത്തിൽ വന്നയുടൻതന്നെ ജനദ്രോഹ നടപടികളിലൂടെ ജനങ്ങളുടെ കടുത്ത പ്രതിഷേധത്തിനിടയായ സർക്കാരാണിത്. മുൻ യു.ഡി.എഫ്. സർക്കാർ 718 ബാറുകളാണ് അടച്ചുപൂട്ടിയതെങ്കിൽ 748 നന്മ സ്റ്റോറുകളാണ് ഈ സർക്കാർ അടച്ചുപൂട്ടിയത്. മുൻ സർക്കാർ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് പുനരുദ്ധാരണ പാക്കേജ് രൂപീകരിക്കുകയും മുടങ്ങിക്കിടന്ന പെൻഷൻ കുടിശ്ശിക കൊടുക്കുകയും പെൻഷൻ ബാദ്ധ്യതയുടെ പകുതി ഏറ്റെടുക്കുകയും ചെയ്യുന്ന

നിലപാടുകളാണ് സ്വീകരിച്ചിരുന്നത്. ഈ സർക്കാർ പ്രകടന പത്രികയിൽ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് പെൻഷൻ ബാദ്ധ്യത മുഴുവൻ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും പ്രാവർത്തികമാക്കുന്നില്ല. കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളുടെ വർദ്ധനവിന് ആനുപാതികമായി വരുമാന വർദ്ധനവ് നേടിയെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യെ പുനരുജ്ജീവിപ്പിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല ശമ്പളപരിഷ്കരണം നടപ്പാക്കാതിരിക്കുന്നതിനും ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുമുള്ള നിലപാടുകളാണ് സ്വീകരിക്കുന്നത്.

<u>ശ്രീമതി സി. കെ. ആശ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനോപകാരപ്രദവും ഏറെ പ്രതീക്ഷ നൽകുന്നതുമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ റൂട്ടുകളും അതിവേഗ ബോട്ട് സർവ്വീസുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കണം. നാല് ബോട്ടുകൾ ഒരേസമയം റിപ്പെയർ ചെയ്യാവുന്ന ഡ്രൈഡോക്ക്, സ്ലിപ് വേ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഹൗസ് ബോട്ടുകൾ റിപ്പെയർ ചെയ്യത്തക്കരീതിയിൽ ഡോക്കിനെ പൂർണ്ണമായും യന്ത്രവൽക്കരിക്കാൻ സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. നിലവിലുള്ള കാലപ്പഴക്കംചെന്ന ബോട്ടുകൾ റീപ്ലെയ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ടൂറിസം രംഗത്തെ സാധ്യതകൾ

പ്രയോജനപ്പെടുത്തത്തക്ക രീതിയിൽ 'സീ കുട്ടനാട് ' മോഡലിൽ കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കണം. വൈക്കത്തെയും ചേർത്തല താലൂക്കിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ജലപാതയിലേയ്ക്ക് സോളാർ ബോട്ടും വൈക്കത്തെയും എറണാകുളത്തേയും ബന്ധിപ്പിക്കുന്ന പുതിയ ജലപാതയും ഇതിൽ സർവ്വീസ് നടത്തുന്നതിനായി എ.സി. സൂപ്പർഫാസ്റ്റ് ബോട്ടുകളും അനുവദിച്ചത് അഭിനന്ദനീയമാണ്. വൈക്കം സ്റ്റേഷന് പുതിയ ഡോക്കും ഫ്യൂനൽ പമ്പും അനുവദിക്കണം. വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണം. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി തീർക്കുന്നതിനും സ്പെയർ പാർട്ട്സുകൾ യഥാസമയം ലഭ്യമാക്കുന്നതിനും വൈക്കത്ത് ലാഭകരമല്ലാതെ നടത്തുന്ന സർവ്വീസുകൾ റീഷെഡ്യൂൾ ചെയ്യുന്നതിനും നടപടിയുണ്ടാകണം. കേരളപ്പിറവിയുടെ 60-ാം വാർഷികത്തോടനുബന്ധിച്ച് സമ്പൂർണ്ണ ശൗചാലയം എന്ന ലക്ഷ്യം കൈവരിക്കാനുള്ള സർക്കാർ ശ്രമം അങ്ങേയറ്റം സ്വാഗതാർഹമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തദ്ദേശ ഭരണ വകുപ്പിനെ വിഭജിച്ച് വികസന പ്രവർത്തനങ്ങൾ മരവിപ്പിക്കുകയാണ് ചെയ്തതെങ്കിൽ ഈ സർക്കാർ അവയ്ക്ക് ശക്തിപകരുകയാണ് ചെയ്യുന്നത്. വിവിധ പദ്ധതികളിലൂടെ കുടുംബശ്രീയ്ക്ക് നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ

ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് ഇ.എം.എസ്. പാർപ്പിട പദ്ധതി പ്രകാരം ലക്ഷക്കണക്കിന് വീടുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നിർമ്മിച്ചു നൽകാൻ സാധിച്ചു. കേരളത്തെ ഹരിത സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, മാലിന്യ സംസ്കരണ പദ്ധതി തുടങ്ങിയവ യു.ഡി.എഫ്. സർക്കാർ അട്ടിമറിക്കുകയാണ് ചെയ്തത്. ജീവനക്കാരുടെ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എസ്.എൽ.പി. ഫയൽ ചെയ്യാൻ യു.ഡി.എഫ്. സർക്കാർ കൂട്ടുനിന്നതുകൊണ്ടാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ 300-ലധികം പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥിതി വന്നിരിക്കുന്നത്. കുടുംബശ്രീയെ തകർക്കുന്ന സമീപനമാണ് മുൻ സർക്കാർ സ്വീകരിച്ചിരുന്നത്. അധികാര വികേന്ദ്രീകരണ പ്രക്രിയയെ ശക്തിപ്പെടുത്തുന്ന നിലപാടുകളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ട് അംഗൻവാടി ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും വേതനം വർദ്ധിപ്പിച്ചുവെന്ന് തെറ്റിദ്ധരിപ്പിക്കുകയാണുണ്ടായത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ എല്ലാവർക്കും വീട്, വൈദ്യുതി, കുടിവെള്ളം എന്നിവ നൽകിക്കൊണ്ട് ഓരോ പദ്ധതികളും യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത്‌രാജ് സംവിധാനത്തിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ നിയമിച്ച് ഇ-

ഗവേണൻസ് ഫലപ്രദമാക്കണം. എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും സ്ത്രീസൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഡോ. എം. കെ. മുനീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻ സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നായി വിഭജിക്കാതെ കൂടുതൽ കാര്യക്ഷമാക്കാൻ റൂറൽ ഡെവലപ്മെന്റിനെയും പഞ്ചായത്തിനെയും മുൻസിപ്പാലിറ്റിയെയും ഏല്പിക്കുകയാണ് ചെയ്തത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടതായതുകൊണ്ടാണ് ദേശീയതലത്തിൽ രണ്ട് പ്രാവശ്യം ഒന്നാം സ്ഥാനത്തെത്താൻ കേരളത്തിന് സാധിച്ചത്. ഈ വകുപ്പിൽ ഉദ്യോഗസ്ഥരുടെ ഏകീകരണം നടത്തിയപ്പോൾ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളാണ് കോടതിയിലുള്ളത്. റൂറൽ ഡെവലപ്മെന്റും പഞ്ചായത്തും മുൻസിപ്പാലിറ്റിയുംകൂടി ഏകീകരിച്ചാലുണ്ടാകുന്ന പ്രൊമോഷന്റെ പ്രശ്നങ്ങൾ നേരിടാൻ ഗവൺമെന്റ് തയ്യാറാകണം. നോൺ ഗവൺമെന്റൽ ഓർഗനൈസേഷനായ ജനശ്രീക്ക് പഞ്ചായത്ത് വകുപ്പിൽനിന്നോ കുടുംബശ്രീയിൽ നിന്നോ പണം കൊടുത്തിട്ടില്ലെന്ന് പ്ലാൻ ഫണ്ട് നോക്കിയാൽ മനസ്സിലാകും. മുൻ സർക്കാർ കുടുംബശ്രീയെ രക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. മീഡിയാശ്രീ ഒരിക്കലും നിർത്തരുത്. എസ്.സി./എസ്.ടി ഡിപ്പാർട്ടുമെന്റ് ഭവനനിർമ്മാണത്തിനായി കുടുംബശ്രീയെയാണ് ഏൽപ്പിക്കുന്നത്. കുടുംബശ്രീ പത്തനംതിട്ടയിൽ

പ്രവാസിമിത്ര എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ വർഷവും കുടുംബശ്രീ പ്രവർത്തകർക്ക് ഓണറേറിയം വർദ്ധിപ്പിച്ചുനൽകി. ജനപ്രതിനിധികളുടെ വേതനം വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തത് ഏത് ക്യാബിനറ്റ് യോഗത്തിലാണെന്ന് വകുപ്പുമന്ത്രി വ്യക്തമാക്കണം. ഓരോ പഞ്ചായത്തിനും ടോയ്‌ലറ്റ്, ജൈവകൃഷി, ജൈവവളം തുടങ്ങിയവയ്ക്കുവേണ്ടി മുൻ സർക്കാർ മാറ്റിവച്ച 500 കോടി രൂപ ഈ സർക്കാർ 221 കോടിരൂപയായി വെട്ടിക്കുറച്ചിട്ടും ഫണ്ട് റിലീസ് ചെയ്യാത്തതിന്റെ കാരണം പരിശോധിക്കണം. 15 വർഷത്തേയ്ക്ക് ആവിഷ്കരിച്ച ഇ.എം.എസ്. ഭവന പദ്ധതി നിലനിൽക്കുന്നതിനാൽ 2022-ൽ മാത്രമേ ഇനി ഒരു ഭവന പദ്ധതി കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ജനന-മരണ സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിലൂടെ സാധ്യമാകുന്ന തരത്തിൽ ഉയർത്തിയത് മുൻ സർക്കാരാണ്. ഗ്രാമസഭകളോടൊപ്പം അയൽക്കൂട്ട സഭയേയും നിലനിർത്തണം. അംഗൻവാടി പ്രവർത്തകർക്കുള്ള വർദ്ധിപ്പിച്ച ഓണറേറിയം കൊടുക്കണം. കോഴിക്കോട് ഒരു സർക്കുലർ സർവ്വീസ് നടത്തുന്നതിന് ജൻറം ബസുകൾ അനുവദിക്കണം.

<u>ശ്രീ. കെ. ദാസൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മഹാന്മാരായ സാമൂഹ്യ പരിഷ്കർത്താക്കളിൽ പലരും സ്വജീവിതം സമൂഹ നന്മയ്ക്കായി സമർപ്പിച്ചതിന്റെയും ഉജ്ജ്വലമായ സമരങ്ങൾ നടത്തിയതിന്റെയും ഫലമായിട്ടാണ് കേരളം പോലെയുള്ള സംസ്ഥാനം വളർന്നുവന്നത്. ജനകീയാസൂത്രണ

പ്രസ്ഥാനങ്ങളുടെ മുന്നേറ്റ ഫലമായി കേരളത്തിലെ ഗ്രാമങ്ങളുടെ മുഖച്ഛായ മാറുകയും നഗരങ്ങളിലും ഗ്രാമങ്ങളിലും വികസനവും അഭിവൃദ്ധിയും ഉണ്ടാകുകയും ചെയ്തു. പഞ്ചായത്ത്‌രാജ്, നഗരപാലികാ ബില്ലുകൾ ദേശീയതലത്തിൽ പാസ്സാക്കി സാമ്പത്തിക വളർച്ച നേടിയ സംസ്ഥാനമാണ് കേരളം. മുൻ ഗവൺമെന്റ് ആസൂത്രണ പ്രക്രിയകളോട് വിമുഖത കാണിച്ചപ്പോൾ ഈ ഗവൺമെന്റ് ശാക്തീകരണത്തിന് ശക്തിപകരുകയും പ്രാദേശിക ഭരണകൂടങ്ങൾക്ക് സ്വയം നിൽക്കാനുള്ള ശേഷി നൽകുകയും അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പരിശോധനാ വിധേയമാക്കിയതിനുശേഷം പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി കേരളത്തിന്റെ മാറ്റത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഗ്രാമസഭകളിൽ ഒന്നിച്ചിരുന്ന് തീരുമാനമെടുക്കുന്നതിനും മുൻഗണന നിശ്ചയിക്കേണ്ട കാര്യങ്ങൾക്ക് മുൻഗണന നൽകാനും അധികാരം ജനങ്ങൾക്കാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താനും പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഗ്രാമീണ മേഖലകളിൽ പുത്തൻ ഉണർവ്വുണ്ടാക്കാനും നാടിന് മുന്തിയ പരിഗണന കൊടുക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് അവ യാഥാർത്ഥ്യമാക്കാനും സാധിച്ചതിന്റെ ഫലമായി കേരളത്തിലുടനീളം റോഡുകളും പാലങ്ങളും തോടുകളും കിണറുകളും ഭവനപദ്ധതികളും ഉണ്ടാക്കാൻ കഴിഞ്ഞു. പദ്ധതി ചെലവിന്റെ 40 ശതമാനം

പ്രാദേശിക ഭരണകൂടത്തിന് നൽകുകയും ആ ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിന് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും ഓരോ ഘട്ടത്തിലും പദ്ധതികളെ സംബന്ധിച്ച് പരിശോധിച്ച് തീർപ്പ് കൽപ്പിക്കുകയും ചെയ്താണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയത്. പ്രസ്തുത സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ജനങ്ങളുടെ ആശ്രയ കേന്ദ്രമായി പ്രാദേശിക ഭരണകൂടത്തെ മാറ്റിയെടുക്കേണ്ടത് അനിവാര്യമാണ്. ജനകീയാസൂത്രണ പദ്ധതിയെ തകർക്കുന്ന നിലപാടാണ് മുൻ ഗവൺമെന്റ് സ്വീകരിച്ചത്. മുൻ ഗവൺമെന്റ് മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കാണിച്ച അലംഭാവമാണ് തെരുവുകളിൽ മാലിന്യം കുന്നുകൂടുന്നതിനും തെരുവുനായ്ക്കളുടെ വംശവർദ്ധനവിനും കാരണമായത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടത്തിപ്പിനും ദൈനംദിന പ്രവർത്തനങ്ങൾക്കും ആവശ്യമായ ജീവനക്കാരെ നൽകുന്നതിനും ഒഴിവുള്ള 1302 തസ്തികകൾ നികത്തുന്നതിനും ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിനും നടപടി സ്വീകരിക്കണം. പദ്ധതികൾ രൂപീകരിക്കുന്നതിലും അംഗീകാരം നേടുന്നതിലുമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ഉൽപ്പാദന മേഖലയിൽ അനുവദിച്ചിട്ടുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിനും പുനഃസ്ഥാപിച്ച വനിതാഘടക

പദ്ധതിക്ക് ആവശ്യമായ പണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പഞ്ചായത്ത് മെമ്പർമാർക്ക് അവരുടെ അധികാരം വേണ്ട രീതിയിൽ വിനിയോഗിക്കാൻ കഴിയുന്നില്ലെന്ന പരാതി നിലവിലുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾ പുറത്തിറക്കുന്ന ഉത്തരവുകൾ പഞ്ചായത്ത് മെമ്പർമാരുടെ പ്രവർത്തനസ്വാതന്ത്ര്യത്തെ ഹനിക്കുന്നു. അധികാര വികേന്ദ്രീകരണ ഫലമായി അഞ്ചോ ആറോ ലക്ഷം രൂപ ചെലവഴിക്കുന്നതിന് ധാരാളം കടമ്പകൾ കടക്കേണ്ടതായിട്ടുള്ളതുകൊണ്ട് കാര്യങ്ങൾ സുതാര്യമാക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതിയുടെ അധികാരങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചായത്ത് ഭരണസമിതികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് അധികൃതർ തയ്യാറാകണം. സമയബന്ധിതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിരേഖ സമർപ്പിക്കുന്നതിന് പഞ്ചായത്തുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിക്കുന്നതിനും ആവശ്യാനുസരണം എ.ഇ.മാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. സമൂഹത്തിലുണ്ടാകുന്ന ജനകീയപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷത്തിന്റെ കടമ നിർവ്വഹിക്കുന്നതിനെതിരെ ആക്ഷേപമുന്നയിക്കുന്നത് ശരിയല്ല.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നിർദ്ദേശങ്ങൾ നൽകുകയും വിമർശിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളെയും നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. ജലഗതാഗത മേഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി കോട്ടയം-കുമരകം-ആലപ്പുഴ റൂട്ടുകളിൽ വേഗത കൂടിയതും സമയ ദൈർഘ്യം കുറയ്ക്കുന്നതും 120 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കാനുള്ള നടപടികൾക്ക് തുടക്കംകുറിച്ചു. പ്രധാനപ്പെട്ട അഞ്ച് സെന്ററുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കാനുതകുന്ന വിധത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ അഞ്ച് റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലിനീകരണം തടയുന്നതിനും കായലുകളെ സംരക്ഷിക്കുന്നതിനുമായി സോളാർ ബോട്ടുകൾ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിർമ്മാണം പൂർത്തീകരിച്ച 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് സർവ്വീസ് അടുത്ത മാസം മുതൽ പ്രവർത്തനമാരംഭിക്കുന്നതാണ്. ജലഗതാഗത സംവിധാനത്തെ ടൂറിസം മേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൊല്ലത്ത് സീ അഷ്ടമുടി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും ആലപ്പുഴ-മലബാർ പ്രദേശങ്ങളിൽ ക്രൂയിസ് ടൂറിസം കൊണ്ടുവരുന്നതിനും കൊച്ചി-

കൊല്ലം സർവ്വീസിന്റെ സാദ്ധ്യത സംബന്ധിച്ച് പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മോട്ടോർ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ റോഡ് നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തി പിഴ ഈടാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ബോധവത്കരണ പരിപാടിയുടെ ഫലമായി ഹെൽമറ്റ് ധരിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. പരിസ്ഥിതി സംരക്ഷണാർത്ഥം ഹരിത ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ സാരാംശം ഉൾക്കൊണ്ട് കെ.എസ്.ആർ.ടി.സി./പ്രൈവറ്റ് ബസ്സുകളിൽ ഡീസലിനുപകരം മലിനീകരണം കുറഞ്ഞ ഇന്ധനമുപയോഗിക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരുന്നതാണ്. കെ.എസ്.ആർ.ടി.സി./പ്രൈവറ്റ് ബസ്സ് സർവ്വീസുകൾക്കാകെ ഭീഷണിയുയർത്തുകയും കോർപ്പറേറ്റ് മേഖലയ്ക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്ന പുതിയ മോട്ടോർ വാഹന നിയമ ഭേദഗതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനെതിരെ മുഖ്യമന്ത്രിയടക്കമുള്ളവരുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാർലമെന്റിൽ രൂപീകരിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി സംസ്ഥാനത്തിനനുകൂലമായ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.

ഉൾപ്പെടെയുള്ള മോട്ടോർ വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കുന്നതിനായി സ്പീഡ് ഗവേർണർ ഘടിപ്പിക്കുന്നതിന് ജീവനക്കാരുടെ ഭാഗത്തുനിന്നും സഹകരണം ഉണ്ടാകണം. ഡീസലിന്റെ വില കുറഞ്ഞപ്പോൾ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടി ഓർഡിനറി ബസ്സുകളിൽ മിനിമം ചാർജ്ജ് 6 രൂപയായി നിശ്ചയിക്കുകയും സ്വകാര്യ ബസ്സുകളിലെ യാത്രക്കാർക്ക് ഈ ആനുകൂല്യം നിഷേധിക്കുകയുമാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. ചാർജ്ജ് കുറച്ചതിലൂടെ കെ.എസ്.ആർ.ടി.സി-ക്ക് ഒരു മാസം ആറുകോടി രൂപയുടെ വരുമാനക്കുറവാണുണ്ടായത്. അതുകൊണ്ടാണ് താൽക്കാലിക നിലപാട് സ്വീകരിക്കാതെ ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയോഗിച്ചത്. കെ.എസ്.ആർ.ടി.സി.-യെ ഒരു മികച്ച സ്ഥാപനമാക്കി മാറ്റിയെടുക്കുന്നതിനുള്ള കൂട്ടായ സഹകരണം എല്ലാവരുടെയും ഭാഗത്തുനിന്നുണ്ടാകണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഓരോ വർഷവും പദ്ധതിവിഹിതത്തിന്റെ നാലിലൊരു ഭാഗം തദ്ദേശ സ്ഥാപനങ്ങൾക്കായിട്ടാണ് മാറ്റിവയ്ക്കുന്നത്. ഈ വർഷം ഏകദേശം 5000 കോടി രൂപയാണ് പദ്ധതി വിഹിതത്തിൽനിന്ന് വിവിധ തദ്ദേശ

സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്. ക്രിയാത്മകമായ ഇടപെടലിലൂടെ മാത്രമേ മെച്ചപ്പെട്ട വികസനപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിക്കുകയുള്ളൂ. ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ Open Defecation Free (ODF) ആയി പ്രഖ്യാപിക്കപ്പെടുന്ന ആദ്യ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. 2017 ജനുവരി ഒന്നോടെ നഗരപ്രദേശങ്ങളും Open Defecation Free ആയി മാറും. തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിനും പല കാരണങ്ങളാൽ നമ്പരിട്ട് നൽകാത്ത 1500 സ്ക്വയർ ഫീറ്റുള്ള വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനും നഗരവകുപ്പിനുകീഴിൽ നിലവിൽ വന്ന മുനിസിപ്പാലിറ്റികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭ്യമായിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ശുചീകരണത്തൊഴിലാളികളുടെ മക്കൾക്കുകൂടി ലഭ്യമാക്കുന്നതിനും ഭവന നിർമ്മാണത്തിനായി കുറഞ്ഞ പലിശയ്ക്ക് KURDFC മുഖേന 10 കോടി രൂപ വായ്പ നല്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കുറ്റമറ്റ കെട്ടിട പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കാൻ 'സങ്കേതം' എന്ന സംവിധാനം നടപ്പിലാക്കാൻപോകുകയാണ്. PMAY പദ്ധതിയിൽ വീട് നൽകുന്നതിന് എല്ലാ

നഗരങ്ങളെയും ഉൾപ്പെടുത്താനും നഗരങ്ങളിൽ താമസിക്കുന്ന നഗരാതിർത്തിയിൽ ഭൂമിയില്ലാത്ത കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതിപ്രകാരം വീട് നൽകാനും തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തെ സ്മാർട്ട് സിറ്റി മിഷനിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥായിയായ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം PMAY പദ്ധതിയിൽ പുതിയതായി വീടുകൾ അനുവദിക്കുന്നതിനും പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനും 167.44 കിലോമീറ്റർ ദൈർഘ്യം വരുന്ന 57 റോഡുകൾ PMGSY പദ്ധതി പ്രകാരം പൂർത്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പ്രധാനമന്ത്രി കൃഷി സിഞ്ചയി യോജനയിൽ ഭാരതപ്പുഴയുടെ നീർത്തട പ്രദേശങ്ങൾ ഉൾപ്പെട്ട ചെറുതീരങ്ങളുടെ പരിപാലനത്തിനായി കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനും പെൻഷൻ വീടുകളിൽ എത്തിക്കുന്നതിനും സാധിച്ചു. മാലിന്യസംസ്കരണം യാഥാർത്ഥ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ 10% തുക നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന് ഫലവത്തായ സംവിധാനങ്ങൾ ആവിഷ്കരിക്കും. തെരുവ് നായ്ക്കളില്ലാത്ത ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കുന്നതാണ്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡി.പി.സി. യോഗം ചേരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 'കില'-യെ ഇന്റർനാഷണൽ

എക്സലന്റ് ട്രെയിനിംഗ് സെന്ററാക്കി ഉയർത്തുന്നതാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സമ്പൂർണ്ണ കിണർ റീച്ചാർജിംഗ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 'എല്ലാവർക്കും വീട്' പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാർപ്പിട മിഷൻ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമ്പൂർണ്ണ ഭവന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുദ്ദേശിക്കുന്നു. അഴിമതിയും കെടുകാര്യസ്ഥതയും തടയുന്നതിന് ഓഡിയോ വീഡിയോ ക്ലിപ്പിംഗ്സ് അപ്‌ലോഡ് ചെയ്യത്തക്ക രീതിയിൽ വെബ്സൈറ്റ് ആരംഭിക്കുന്നതാണ്. നിർമ്മാണം പൂർത്തിയായിട്ടും നമ്പർ ലഭിക്കാത്ത വീടുകൾക്ക് അവ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ കോമൺ സർവ്വീസിന്റെ ഭാഗമാക്കാനുതകുന്ന രീതിയിലുള്ള നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ട്. ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും വീട് നിർമ്മാണത്തിനുള്ള അപേക്ഷയിന്മേൽ വൺഡേ പെർമിറ്റ് സിസ്റ്റം ആരംഭിക്കാൻ ഉദ്ദേശിക്കുകയുമാണ്. സ്വന്തമായി കെട്ടിടമില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് ധനസഹായം നൽകും. ആശ്രയ പദ്ധതി വ്യാപിപ്പിക്കുകയും കുടുംബശ്രീയെ ലോകോത്തര മാതൃകയാക്കി ഉയർത്തുകയും ചെയ്യും. കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് സംസ്ഥാനത്തെ പ്രവാസികളുടെ കണക്കെടുപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

കൊച്ചിൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടും. അഹാഡ്സിനെ 'കില'-യുമായി സംയോജിപ്പിച്ച് ഒരു എക്സലന്റ് ട്രെയിനിംഗ് സെന്ററാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഒഴിഞ്ഞുകിടക്കുന്ന 179 പഞ്ചായത്ത് സെക്രട്ടറി തസ്തികകളിൽ ഒരു മാസത്തിനുള്ളിൽ നിയമനം നടത്തും. മീഡിയശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നടത്തുന്നതിന് ക്വാട്ട് ചെയ്യപ്പെട്ട സ്ഥാപനത്തിന് ടെണ്ടർ ഇല്ലാതെ ഡോക്യുമെന്റേഷൻ വർക്ക് നൽകുന്നതിന് കുടുംബശ്രീ ഉണ്ടാക്കിയ എം.ഒ.യു.-ന് നിയമവകുപ്പിന്റെ അനുമതി ലഭിച്ചിരുന്നില്ല. ഇതു സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മതിയായ ഉദ്യോഗസ്ഥ സംവിധാനമില്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. പി.എസ്.സി. ചെയർമാനുമായി ഈ വിഷയം സംബന്ധിച്ച് സംസാരിക്കുന്നതാണ്. ഓഡിറ്റുമായി ബന്ധപ്പെട്ട സർക്കുലർ സംബന്ധിച്ച പത്രവാർത്തയുടെ നിജസ്ഥിതി അന്വേഷിക്കുന്നതാണ്. നിയമാനുസൃതമായി നടപടികൾ സ്വീകരിച്ചുകൊണ്ടായിരിക്കും അഹാഡ്സിനെ 'കില'-യിൽ മെർജ് ചെയ്യുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന്

അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 34-നെതിരെ 67 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 04.03-ന് പിരിഞ്ഞു.)

******